# തൃശ്ശൂർ മണ്ണുത്തിയിൽ വൻ കള്ളനോട്ട് വേട്ട...അഞ്ച് ലക്ഷം രൂപയുടെ കള്ളനോട്ടുകൾ പിടിച്ചെടുത്തു...ദമ്പതികൾ അടക്കം നാല് തമിഴ് നാട് സ്വദേശികൾ പിടിയിൽ

തൃശ്ശൂർ മണ്ണുത്തിയിൽ വൻ കള്ളനോട്ട് വേട്ട. പുതിയ രണ്ടായിരത്തിൻെറയും, അഞ്ഞൂറിൻെറയും, നൂറിൻെറയും, അമ്പതിൻെറയും അടക്കം അഞ്ചുലക്ഷത്തോളം രൂപയുടെ മൂല്യം വരുന്ന കള്ളനോട്ടുകളാണ് തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ടി. നാരായണൻ IPS ൻെറ നേതൃത്വത്തിലുള്ള ഹൈവേ പോലീസും, മണ്ണുത്തി പോലീസും, ഷാഡോ പോലീസും ചേർന്ന് പിടികൂടിയത്. കള്ളനോട്ട് കേസിൽ ദമ്പതികളും, പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥിയും അടക്കം നാലുപേരെ അറസ്റ്റ് ചെയ്തു. തമിഴ് നാട് സേലം ഹസംപ്പെട്ടി സ്വദേശികളായ ദമ്പതികളായ മുരുകേശൻ, നിർമ്മല അവർ സഞ്ചരിച്ചിരുന്ന വാഹനത്തിൻെറ ഡ്രൈവർ വെങ്കിടേശ്, കള്ളനോട്ടിൻെറ ഏജൻറായ പ്രയപൂർത്തിയാകാത്ത വിദ്യാർത്ഥി എന്നിവരാണ് പിടിയിലായത്.

ഇന്നലെ രാത്രി ഇവർ പാലക്കാട് വടക്കാഞ്ചേരിയിൽ ഒരു കടയിൽനിന്ന് വലിയ തോതിൽ സാധനങ്ങൾ വാങ്ങുകയും പിന്നീട് പണം കൊടുത്തുപോകുകയും ചെയ്തിരുന്നു. പിന്നീട് ഇവർ കടയിൽ കൊടുത്ത പണം കടക്കാർ സംശയം തോന്നി പരിശോധിക്കുകയും കള്ളനോട്ടാണെന്ന് സംശയംതോന്നി ഹൈവെ പോലീസിനെ വിവരം അറിയിക്കുകയായിരുന്നു. വിവരം ലഭിച്ചതിനെ തുടർന്ന് മണ്ണുത്തി പോലീസും ഹൈവെ പോലീസും ചേർന്ന് ഇവർ സഞ്ചരിച്ചിരുന്ന സ്കോർപ്പിയോ വാഹനം തടഞ്ഞുനിർത്തുകയും, വാഹനപരിശോധന നടത്തിയതിൽ വാഹനത്തിൽ ബാഗിലും സീറ്റിനടിയിലും , ശരീരത്തിലും ഒളിപ്പിച്ചുവച്ച നിലയിൽ നാലരലക്ഷത്തോളം രൂപയുടെ പുതിയ രണ്ടായിരത്തിൻെറയും, അഞ്ഞൂറിൻെറയും, നൂറിൻെയും ,അമ്പതിൻെറയും കള്ളനോട്ടുകൾ കണ്ടെടുക്കുകയായിരുന്നു. പിന്നീട് ഉന്നത ഉദ്യോഗസ്ഥരും, ഷാഡോ പോലീസും ചോദ്യം ചെയ്യുകയും പ്രതികളിൽനിന്ന് ലഭിച്ച സൂചനകളുടെ അടിസ്ഥാനത്തിൽ പ്രതികളെയുംകൊണ്ട് സേലത്തേക്ക് പോകുകയും, സേലത്ത് ഇവരുടെ വീട്ടിൽ പരിശോധന നടത്തിയതിൽ ഏകദേശം അമ്പതിനായിരം രൂപയുടെ പുതിയ രണ്ടായിരത്തിൻെറയും, അഞ്ഞൂറിൻെറയും, നൂറിൻെയും ,അമ്പതിൻെറയും കള്ളനോട്ടുകളും, കള്ളനോട്ട് നിർമ്മാണത്തിൻെറ വിവിധഘട്ടത്തിലുള്ള കള്ളനോട്ടുകളും, കള്ളനോട്ട് നിർമ്മാണത്തിന് ഉപയോഗിച്ച കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ, മഷികൾ, സുരക്ഷനൂലുകൾ, പേപ്പറുകൾ എന്നിവ കണ്ടെടുത്തു.

തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ടി.നാരായണൻ IPS ൻെറ നിർദ്ദേശാനുസരണം തൃശ്ശൂർ അസിസ്റ്റൻറ് പോലീസ് കമ്മീഷണർ വാഹിദിൻെറ നേതൃത്വത്തിൽ വെസ്റ്റ് സിഐ രാജു, മണ്ണുത്തി എസ്ഐ കൃഷ്ണകുമാർ, ഷാഡോ പോലീസ് അംഗങ്ങളായ എസ്ഐ മാരായ എം.പി.ഡേവിസ്,വി.കെ.അൻസാർ എഎസ്ഐമാരായ. പി.എം. റാഫി, എൻ.ജി. സുവ്രതകുമാർ , സീനിയർ സിവിൽ പോലീസ് ഓഫീസറായ കെ.ഗോപാലകൃഷ്ണൻ, സിവിൽ പോലീസ് ഓഫീസർമാരായ ടി.വി. ജീവൻ , പി.കെ. പഴനിസ്വാമി , എം.സ്. ലിഗേഷ് , വിപിൻദാസ്.കെ.ബി ഹൈവെ പോലീസ് അംഗങ്ങളായ എസ്ഐ സണ്ണി, സിപിഒ മാരായ അനൂപ്, സജീഷ് മണ്ണുത്തി പോലീസ് സ്റ്റേഷനിലെ എഎസ്ഐമാരായ ഷാജി, ജോൺസൺ, ബെന്നി വനിത സിപിഒ പ്രിയ എന്നിവരടങ്ങുന്ന സംഘമാണ് കേസന്വേഷണം നടത്തി പ്രതികളെയും കള്ളനോട്ടുകളും, കള്ളനോട്ട് നിർമ്മാണ സാമഗ്രികളും കണ്ടെടുത്തത്.